# നവകുടുംബനിർമ്മിതിയും ഏംഗൽസിയൻ ചിന്താപദ്ധതിയും

**അമ്പിളി.എം.വി**
ഗവേഷക, ശ്രീ കേരളവർമ്മകോളേജ് തൃശ്ശൂർ

ആമുഖം

സംഘടിതമായ സമൂഹത്തിന്റെ സാമൂഹികസ്ഥാപനം എന്നനിലയിൽ നിർവ്വചിക്കപ്പെടുന്ന കുടുംബവ്യവസ്ഥിതി ലിംഗസമ്മിശ്രണത്തിന്റെ പൂരകം കൂടിയാണ്. സഗോത്രവ്യവസ്ഥയിൽനിന്ന് കുടുംബപരിവർത്തനത്തിലേക്കുള്ള യാനം തികച്ചും മനുഷ്യൻ എന്ന സാമൂഹികജീവിയുടെ പ്രവർത്തനത്തിന്റെയും ചിന്തയുടെയും അടിസ്ഥാനത്തിലാണ് രൂപം കൊള്ളുന്നത്. സഗോത്രവ്യവസ്ഥയിൽനിന്ന് യുഗ്മകുടുംബത്തിലേക്കുള്ള പരിണാമത്തെ അധികാരത്തേയും പദവിയെയും മുൻനിർത്തി വ്യവഹരിക്കുന്നുണ്ട് ഏംഗൽസിയൻ കാഴ്ചപ്പാടുകളിൽ. കൃത്യമായ അധികാരത്തെ വ്യവസ്ഥപ്പെടുത്തികൊണ്ട് മനുഷ്യരിലെ ബന്ധസാമീപ്യങ്ങളേയും സപിണ്ഡതയേയും രക്തബന്ധങ്ങളേയും അവയുടെ സാമ്യവൈഷമ്യങ്ങളെയും കുറിച്ച് ഗോത്രകാഴ്ചപ്പാടുകളിൽ നിന്ന് വിചിന്തനം ചെയ്ത് കുടുംബം എന്ന സ്ഥാപനത്തിന്റെ നിർമ്മാണതലത്തിലേക്ക് ഭൗതികവാദപരമായ ഏംഗൽസിയൻ കാഴ്ചപ്പാടുകൾ കൂട്ടിയിണക്കുന്നു–പലപ്പോഴും സാഗോത്രത കുടുംബങ്ങളുടെ മൺമറഞ്ഞുപോയ അംഗങ്ങളെ കണ്ടെടുക്കുന്നതിനുതകുന്ന ഒരു നിർണ്ണായക ഇടമായിതീരുന്നു. ആഹാരസമ്പാദനം, ആയുധനിർമ്മാണം, വാസസ്ഥലം, വസ്ത്രം എന്നിവ മനുഷ്യന്റെ പുരോഗമനാവസ്ഥകളെകുറിച്ചും അവയ്ക്കു സംഭവിക്കുന്ന പരിവർത്തനങ്ങളെക്കുറിച്ചും ധാരണകൾ നല്കുന്നുണ്ട്. പ്രാകൃതഘട്ടത്തിലെ ലൈംഗികതയിൽനിന്നുമാറി പുതിയ കുടുംബരൂപങ്ങൾ രൂപപ്പെട്ടുവന്നു. സപിണ്ഡകുടുംബം, പുനലുവൻ കുടുംബം, യുഗ്മകുടുംബം, ഏകദാമ്പത്യകുടുംബം എന്നീ കുടുംബരൂപങ്ങൾ രൂപപ്പെട്ടുവന്നതായി

മോർഗാൻ പറയുന്നുണ്ട്. സപിണ്ഡകുടുംബത്തിൽനിന്നും ഏകദാമ്പത്യ കുടുംബത്തിലേക്കുള്ള പരിവർത്തനത്തിൽ കുടുംബഘടനയ്ക്ക് ഉണ്ടായ പരിവർത്തനങ്ങളെകുറിച്ച് 'കുടുംബം സ്വകാര്യസ്വത്ത് ഭരണകൂടം എന്നിവയുടെ ഉത്ഭവം' എന്ന ഏംഗൽസിയൻ കൃതിയിൽ വിശകലനംചെയ്യുന്നുണ്ട്. നായാടി ജീവിച്ച അപരിഷ്കൃതമനുഷ്യനിൽനിന്നും പരിവർത്തനം ചെയ്യപ്പെട്ടപ്പോൾ മനുഷ്യൻ രൂപം കൊടുത്ത കുടുംബഘടനയിൽ അപരിഷ്കൃതത്വത്തിൽ നിന്ന് പരിഷ്കൃതിയുടെ സാമുദായിക വിചിന്തനത്തിലേക്ക് ചിന്തകളെ പുരോഗമനാത്മകമായി നയിച്ചത് ഏംഗൽസാണ്. മുൻധാരണകളെ ഉപദാനമായി ഉപജീവിച്ച സഗോത്രാധിഷ്ഠിത കുടുംബം എന്ന സാമുദായിക സ്ഥാപനത്തിന്റെ സൈദ്ധാന്തിക നിർമ്മിതിയിലേക്ക് ആശയങ്ങളെ പരുവപ്പെടുത്തി സപിണ്ഡകുടുംബം, പുനലുവാൻ കുടുംബം, യുഗ്മകുടുംബം, ഏകദാമ്പത്യകുടുംബം എന്നിവയെ ഇത്തരത്തിൽ ഏംഗൽസിയൻ കാഴ്ചപ്പാടിലൂടെ വിശദമാക്കുന്നു. കുടുംബസമ്പ്രദായത്തെ അധികാരപരിമിതിയുടെയും വർഗ്ഗവിവേചനത്തിന്റെയും സാമ്പത്തികനിലയുടേയും അടിസ്ഥാനത്തിൽ വിലയിരുത്തുന്നു. സാംസ്കാരിക രീതിശാസ്ത്രത്തിന്റെ പിൻബലത്തിൽ ജീവിതത്തിലൂന്നി നില്ക്കുന്നതും വൈവാഹികേതരവുമായ നവകുടുംബവ്യവസ്ഥിതിയെ കുടുംബം സ്വകാര്യസ്വത്ത് ഭരണകൂടം എന്ന ഫ്രെഡറിക് ഏംഗൽസിന്റെ സോഷ്യലിസ്റ്റ് വീക്ഷണത്തെ മുൻനിർത്തി വിമർശനദൃഷ്ട്യാ വിശകലനവിധേയമാക്കുകയാണ് ഈ പ്രബന്ധത്തിലൂടെ.

### കുടുംബനിർമ്മിതിയും ഏംഗൽസിയൻ കാഴ്ചപ്പാടും

കുടുംബം എന്ന സാമൂഹ്യസ്ഥാപനത്തിന്റെ ഉത്ഭവം ഏകദാമ്പത്യത്തിലധിഷ്ഠിതമായിരുന്നു. സ്വകാര്യസ്വത്തിന്റെ ആവിർഭാവമാണ് അത്തരമൊരു പ്രക്രിയക്ക് കാരണമായതെന്ന് ഏംഗൽസ് ചൂണ്ടികാട്ടി. സ്വത്തവകാശവളർച്ചയ്ക്കു സമശീർഷമായി സാമൂഹികമായ ഉണർച്ചയും വളർച്ചയും ഉണ്ടായിവന്ന പ്രത്യേക സമ്പദ്വ്യവസ്ഥിതി മിക്ക പ്രാചീന സമുദായങ്ങളിലും ഗോത്രങ്ങളിലും വർഗ്ഗങ്ങളിലുമെല്ലാം നടപ്പായിരുന്നുവെന്ന് കാണാം (കോസംബി: 1999:70). ഗണ-ഗോത്രസംവിധാനവും വിവാഹവും കുടുംബമെന്ന രൂപവുമായി അഭേദ്യമായ ബന്ധം പുലർത്തുന്നു. വിവാഹം എന്ന ഉടമ്പടിയുമായി ബന്ധപ്പെട്ടുകിടക്കുന്നതും അതിൽ നിന്ന് നിഷ്പന്നമായതുമാണ് കുടുംബമെങ്കിലും അത് സീമിതമല്ല. പലതലമുറകളും ഗോത്രങ്ങളുമായി അത് വളർന്നുകൊണ്ടേയിരിക്കുന്നു. കിരാതാവസ്ഥ, അപരിഷ്കൃതാവസ്ഥ, സഭ്യാവസ്ഥ എന്നീ മൂന്ന് ഘട്ടങ്ങളെകുറിച്ച് മോർഗൻ വിശകലനം ചെയ്യുന്നുണ്ട്. ഇതിൽ കിരാതാവസ്ഥയിലും

അപരിഷ്കൃതാവസ്ഥയിലും രക്തബന്ധങ്ങൾക്ക് നിർണ്ണായകസ്ഥാനമുണ്ടായിരുന്നു. സഗോത്രവ്യവസ്ഥയിൽ വളരെകാലം കൊണ്ടുണ്ടാകുന്ന പരിവർത്തനങ്ങളും അവ സൃഷ്ടിക്കുന്ന കുടുംബബന്ധങ്ങളെയും കാണാം. കുടുംബത്തെകുറിച്ച് മോർഗൻ പറയുന്നത് "ഒരു സജീവതത്വത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. അതൊരിക്കലും നിശ്ചലമായി നില്ക്കുന്നില്ല. സമുദായം ഉയർന്നുപോകുന്നതോടൊപ്പം അതും ഉയർന്നുപോകുന്നു. നേരെ മറിച്ച് സഗോത്രവ്യവസ്ഥകൾ നിശ്ചലങ്ങളാണ്. കുടുംബത്തിന് വളരെക്കാലം കൊണ്ടുണ്ടാകുന്ന പരിവർത്തനങ്ങളെയാണവ സൂചിപ്പിക്കുന്നത്. കുടുംബത്തിൽ മൗലികമായ പരിവർത്തനമുണ്ടായാലേ ഇതിലും എന്തെങ്കിലും മൗലികപരിവർത്തനമുണ്ടാകുകയുള്ളൂ" (അന്ദ്രേയോവ്: 1980:47). ഇത്തരത്തിലുള്ള പരിവർത്തനങ്ങളിലൂടെ ഏംഗൽസിന്റെ കുടംബം എന്ന സ്ഥാപനം അതിന്റെ അടിസ്ഥാനരൂപത്തിൽ നിന്നും പലഘട്ടങ്ങളിലൂടെ വികാസം പ്രാപിക്കുന്നു.

സംഘം എന്നത് കുടുംബങ്ങളുടെ സമുച്ചയമാണ്. ഒരു സംഘം ആവിർഭവിക്കണമെങ്കിൽ കുടുംബസമുച്ചയത്തിൽനിന്നു വ്യക്തി സ്വതന്ത്രനാവണം. ഇങ്ങിനെ സ്വതന്ത്രരാകുന്ന വ്യക്തികൾ പുതിയ സംഘത്തെ നിർമ്മിക്കുന്നു. ഇത് തുടർച്ചയായി നടക്കുന്ന ഒരു പ്രക്രിയയായി മാറുകയാണ്. വ്യക്തിയുടെ പ്രതിരോധശക്തിയുടെ അപര്യാപ്തത സംഘം ഏറ്റെടുക്കണം. അതിപ്രാചീനമായ കുടുംബരൂപം യൂഥ വിവാഹമാകുന്നു. ഈ വിവാഹരീതിയിൽ ഒരു കൂട്ടം പുരുഷന്മാർ ഒരു കൂട്ടം സ്ത്രീകളെ വിവാഹം ചെയ്യുന്നു. പിന്നീട് അതൊരു ബഹുഭർത്തൃത്വ സമ്പ്രദായമായിമാറുന്നു. ആദ്യകാലത്ത് സഹോദരിസഹോദരന്മാർ ഭാര്യാ-ഭർത്താക്കന്മാരായി ജീവിച്ചിരുന്നു. പലസമുദായങ്ങളിലും മാതാപിതാക്കളും സന്താനങ്ങളും തമ്മിൽപോലും ലൈംഗികബന്ധം പുലർത്തിയിരുന്നതായി പറയുന്നു. നിശ്ചിതകാലത്തേക്ക് ഒരു സ്ത്രീയും പുരുഷനും ഭാര്യ-ഭർത്താക്കന്മാരെപ്പോലെ സ്വൈരമായി ജീവിക്കുന്ന ഏർപ്പാടും അന്നുണ്ടായിരുന്നു. ഒരു കുഞ്ഞിന്റെ ജനനംവരെ ഒരുമിച്ചു കഴിയുകയും പിന്നെ വേർപെടുകയും ചെയ്യുന്നു. വ്യക്തിഗതമായ ഇഷ്ടാനിഷ്ടങ്ങളെ തുറന്നുകാണിക്കാൻ ആചാരവശാലുള്ള പ്രതിബന്ധങ്ങൾ ഇല്ലെങ്കിൽ അതൊരിക്കലും അരാജകത്വമാകുന്നില്ല. ഇത്തരം ഏംഗൽസിയൻ കാഴ്ചപ്പാടുകൾ സുപ്രധാനമായും കുടുംബവേർതിരിവിലേക്കും അതിന്റെ ഒരു കാലഘട്ടത്തിലെ പ്രസക്തിയിലേക്കുമാണ് വിരൽചൂണ്ടുന്നത്. അതിനായി അദ്ദേഹം വ്യത്യസ്തകുടുംബരൂപങ്ങളെ പരിചയപ്പെടുത്തുന്നു.

സപിണ്ഡകുടുംബം

കുടുംബത്തിന്റെ ആദ്യഘട്ടമാണ് സപിണ്ഡകുടുംബം. പുരുഷാന്തരങ്ങൾക്കനുസരിച്ച് ഇത് വിഭജിക്കപ്പെടുന്നു. ഈ കുടുംബരൂപത്തിൽ മാതാപിതാക്കളും സന്താനങ്ങളും തമ്മിലുള്ള വിവാഹഅവകാശങ്ങളും ബാധ്യതകളും നിഷേധിക്കപ്പെട്ടിരുന്നു. സഹോദരിസഹോദരന്മാർ തമ്മിൽ ഭാര്യാഭർത്താക്കന്മാരായിരുന്നു. ഈ കാലഘട്ടത്തിൽ സഹോദരിസഹോദരബന്ധത്തിൽ ലൈംഗികസംഭോഗം അന്തർഭവിച്ചിരുന്നുവെന്ന് ഏംഗൽസ് ചൂണ്ടികാണിക്കുന്നു (അന്ദ്രേയോവ്: 1986:59). സപിണ്ഡകുടുംബം ഇന്നുതീരെ നശിച്ചുപോയിരിക്കുന്നു. എങ്കിലും കുടുംബത്തിന്റെ പിന്നീടുണ്ടായ വികാസശ്രമങ്ങൾ ഇത്തരത്തിലൊരു സമ്പ്രദായം ആദിമദശയിൽ ഉണ്ടായിരുന്നുവെന്ന് വിശ്വസിക്കാൻ പ്രേരിപ്പിക്കുന്നുവെന്നും ഏംഗൽസ് പറയുന്നുണ്ട്.

പുനലുവൻ കുടുംബം

ഈ കുടുംബവ്യവസ്ഥയിൽ മാതാപിതാക്കളെയും സന്താനങ്ങളെയും പരസ്പരവിവാഹത്തിൽനിന്നും ഒഴിവാക്കി. ഈയൊരു പരിവർത്തനത്തെ സാമൂഹ്യപുരോഗതിയുടെ വികാസത്തിന്റെ ആദ്യഘട്ടമായി കണക്കാക്കാം. ഒപ്പം തന്നെ സഹോദരീസഹോദരൻമാരേയും പരസ്പരവിവാഹത്തിൽ നിന്നൊഴിവാക്കി. സ്വഭാവികമായ ഒരു തെരഞ്ഞെടുപ്പിന്റെ അനിവാര്യതയിലേക്കാണ് ഇത് സമൂഹത്തെ നയിച്ചത് എന്ന് മോർഗൻ അഭിപ്രായപ്പെടുന്നുണ്ട്. അപരിഷ്കൃതസമുദായങ്ങളുടെ സാമൂഹ്യവ്യവസ്ഥയുടെ അടിസ്ഥാനം ഗണമാണ്. സഹോദരിസഹോദരവിവാഹങ്ങൾ ഉണ്ടായിരുന്ന ഗോത്രങ്ങളിൽ ‘ഗണം’ എന്ന സ്ഥാപനത്തിന്റെ ആവിർഭാവത്തോടെ അത്തരം വിവാഹബന്ധങ്ങളെ നിഷിദ്ധമാക്കും. അത്രമാത്രം ബലവത്തായിരുന്നു ഗണം എന്നസ്ഥാപനം. സഹോദരങ്ങൾ തമ്മിലുള്ള ലൈംഗികവ്യാപാരങ്ങൾ ഉചിതമല്ലെന്ന സങ്കല്പം ആവിർഭവിച്ചതോടെ സമുദായവിഭജനത്തിനും പുതിയകുടുംബങ്ങളുടെ രൂപീകരണത്തിനും കാരണമായി. സഹോദരികളുടെ ഒന്നോ അതിലധികമോ കൂട്ടങ്ങൾ ചേർന്ന് ഒരു കുടുംബവൃന്ദത്തേയും പ്രതിനിധീകരിക്കുന്നു. ഇങ്ങനെയാണ് സപിണ്ഡകുടുംബത്തിൽ നിന്നും പുനലുവൻ കുടുംബരൂപം ഉത്ഭവിച്ചത്. പുനലുവ എന്നാൽ സഖാവ് എന്നാണർത്ഥം. പുനലുവ എന്നതിന് ആൺ/പെൺ ലിംഗഭേദമില്ല. അതുകൊണ്ടുതന്നെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ ഏതൊരുഅംഗത്തേയും അഭിസംബോധനചെയ്യുന്നതിന് ഈ പദം ഉപയോഗിക്കുന്നു. അതിനർത്ഥം പ്രസ്ഥാനത്തിൽ ആൺ/പെൺ വ്യത്യാസമില്ലാതെ എല്ലാ അംഗങ്ങളെയും

ഒരുപോലെ പരിഗണിക്കണമെന്ന പൂർവ്വധാരണയാണ്. ഈ പുന ലുവകുടുംബഘടനയാണ് കുടുംബ എന്ന ഘടനയുടെ പ്രാചീനരൂപം. ഗണങ്ങളുടെ ആവിർഭാവം പുനലുവൻ കുടുംബവുമായി ബന്ധപ്പെട്ടുകിട ക്കുന്നു. പുനലുവൻ കുടുംബത്തിൽനിന്ന് സഹജകളും സപിണ്ഡകളുമായ അനേകം സഹോദരികൾ അടങ്ങുന്ന സമൂഹങ്ങളുണ്ടായി. ഇത്തരം സമൂഹങ്ങളാണ് ഗണങ്ങളായി പരിവർത്തനം ചെയ്യുന്നത്.

### യുഗ്മ കുടുംബം

രക്തബന്ധമുള്ളവർ തമ്മിൽ വിവാഹം ചെയ്യുന്നതിനെ ഗണങ്ങൾ നിരുത്സാഹപ്പെടുത്തിയപ്പോൾ ഒരു സ്ത്രീയും ഒരു പുരുഷനും കുറച്ചുകാല ത്തേക്കോ നീണ്ടകാലത്തേക്കോ ഭാര്യാഭർത്താക്കന്മാരായി ജീവിക്കുന്ന പതിവുണ്ടായി. ഗണങ്ങൾ വളരുകയും വർഗ്ഗങ്ങളുടെ എണ്ണം വർദ്ധിക്കു കയും ചെയ്തതോടെ യുഗ്മകുടുംബജീവിതം സ്ഥാപിതമായിത്തീർന്നു. യൂഥവിവാഹങ്ങൾ അസാധ്യമായപ്പോൾ അവയുടെ സ്ഥാനത്ത് യുഗ്മകു ടുംബങ്ങൾ സ്ഥാനം നേടി. ഈ കുടുംബഘടനയിൽ വിവാഹബന്ധം അവസാനിപ്പിക്കുന്നതിനുള്ള അവകാശം സ്ത്രീക്കും പുരുഷനും തുല്യമാണ്. കുടുംബത്തിന്റെ മുൻരൂപങ്ങൾ നിലനിന്നപ്പോൾ പുരുഷ-സ്ത്രീ അനുപാ തങ്ങളിൽ സ്ത്രീയുടെ അനുപാതം പുരുഷനേക്കാൾ കൂടുതലായിരുന്നു. പിന്നീട് സ്ത്രീ അനുപാതം കുറയുകയും ഭാര്യമാരെ സമ്പാദിക്കാൻ വളരെ ബുദ്ധിമുട്ടേണ്ടി വരുകയുംചെയ്തു. അതുകൊണ്ടാണ് യുഗ്മവിവാഹത്തിന്റെ ആവിർഭാവത്തോടെ സ്ത്രീകളെ അപഹരിക്കാനും വിലക്കുവാങ്ങാനും ആരംഭിച്ചത്. യുഗ്മകുടുംബം ഒരു സ്ത്രീയും ഒരു പുരുഷനും എന്ന അവസ്ഥ യിലേക്ക് ചുരുക്കപ്പെടുന്നു. പുതിയ സാമൂഹ്യപ്രേരകശക്തികളുടെ പ്രവർ ത്തനം യുഗ്മകുടുംബത്തിൽനിന്നും ഏകദാമ്പത്യകുടുംബരൂപം ആവിർഭ വിക്കാൻ കാരണമായി.

### ഏകദാമ്പത്യ കുടുംബം

അപരിഷ്കൃതാവസ്ഥയിൽനിന്നുള്ള പരിവർത്തനദശയിലാണ് ഏകദാമ്പത്യകുടുംബം ആവിർഭവിക്കുന്നത്. ഇതിന്റെ അടിസ്ഥാനം സഭ്യതയിലൂന്നിയതായിരുന്നു. പരമാധികാരത്തിന്റെ അടിസ്ഥാ നത്തിൽ പിതാവ് ആരെന്ന് യാതൊരുവിധത്തിലുള്ള സംശയവും ഇല്ലാതെ മക്കളെ ഉത്പാദിപ്പിക്കുന്ന കുടുംബരൂപമാണിത്. ഏകദാമ്പ ത്യകുടുംബം സ്വകാര്യസ്വത്തുമായി ബന്ധപ്പെട്ടുകിടക്കുന്നു. വൈവാഹിക ബന്ധത്തിന്റെ ദൃഢതയും ഏകദാമ്പത്യത്തിന് ഏറും. പുരുഷനുമാത്രമേ ബന്ധമുപേക്ഷിക്കാനുള്ള അവകാശമുള്ളൂ. ഭാര്യ വഞ്ചിക്കുന്നതിലും

പുരുഷന് ഈ കുടുംബവ്യവസ്ഥയിൽ അനുകൂലമായ അവസ്ഥയാണ് നിലനിന്നിരുന്നത്. ഏകദാമ്പത്യത്തിൽ വ്യക്തിഗതപ്രേമത്തിന് യാതൊരു ബന്ധവുമില്ല. ഈ കുടുംബവ്യവസ്ഥ സ്ത്രീപുരുഷന്മാർക്കിടയിലെ അനുരഞ്ജനമായല്ല രൂപപ്പെട്ടത്. ഒരുവർഗ്ഗം മറ്റൊരുവർഗ്ഗത്തിന്മേൽ അധികാരം സ്ഥാപിക്കുന്നതായാണ് കാണുന്നത്. കൃത്യമായ അധികാരവിനിമയത്തെ മുൻനിർത്തി ഏംഗൽസ് കുടുംബം എന്ന സ്ഥാപനത്തെ വിചിന്തനം ചെയ്യുന്നു. വർഗ്ഗാധിഷ്ഠിതമായ തലത്തിൽ ആൺപെൺ വ്യക്തിത്വങ്ങളെ തികച്ചും ദ്വൈതമായ രീതിയിലൂടെ വിലയിരുത്തുകയും വിവേചനാത്മകമായ ഒരു കാലഘട്ടത്തിലെ നിലപാടുകളെ നിർണ്ണയിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ അദ്ദേഹം മുന്നോട്ടുവച്ചിരിക്കുന്ന വിഭജനാത്മകമായ കുടുംബനിലപാടുകൾ വ്യക്തമായി അധികാരം, ധനം, വ്യവസ്ഥകൾ അഥവാ ദായക്രമങ്ങൾ എന്നിവയിലെ പരിവർത്തനങ്ങളെ മുൻനിർത്തി വിശകലനം ചെയ്യാൻ സാധിക്കുന്നുണ്ട്. അതിനാൽ ഈ സാഹചര്യത്തിൽ പുതിയ നിലപാടുകളിലൂടെ ഏംഗൽസിയൻ കുടുംബസങ്കല്പത്തിൽ നിലനിന്നുകൊണ്ടുള്ള നവീനകുടുംബനിർമ്മിതി അനിവാര്യമാകുന്നു.

അധികാരവും വ്യവസ്ഥിതിയും നവകുടുംബവും

മാനവസമുദായത്തെ ഏംഗൽസ് മൂന്നായി വിഭജിച്ചിരിക്കുന്നു. കിരാതാവസ്ഥ, അപരിഷ്കൃതാവസ്ഥ, പരിഷ്കൃതാവസ്ഥ (രാഹുൽ സാംകൃത്യായൻ:2008:32). കിരാതാവസ്ഥയിലും അപരിഷ്കൃതാവസ്ഥയുടെ ആദ്യഘട്ടങ്ങളിലും അമ്മവഴിയുള്ള അവകാശമായിരുന്നു നിലനിന്നിരുന്നത്. സമുദായത്തിന്റെ ആരംഭഘട്ടത്തിൽ സ്ത്രീ പുരുഷന്റെ അടിമയായിരുന്നുവെന്നത് തികച്ചും അസംബന്ധമായ ഒന്നാണ് (ഫ്രെഡറിക് ഏംഗൽസ് :1980:78). അക്കാലത്ത് സ്ത്രീകൾക്ക് സ്വാതന്ത്ര്യവും സമാനതയും ഉണ്ടായിരുന്നു. സ്ത്രീ പ്രാമാണ്യമുള്ള കുടുംബങ്ങളായിരുന്നു നിലനിന്നിരുന്നത്. ഇത്തരത്തിലുള്ള മാതൃദായക്രമത്തിൽനിന്നും സ്വകാര്യസ്വത്തിന്റെയും പിതൃകേന്ദ്രീകൃതവ്യവസ്ഥയുടെയും ആവിർഭാവം സ്ത്രീകളുടെ സ്ഥാനത്തെയും പദവിയെയും അപ്രസക്തമാക്കി. സാമ്പത്തികമേഖലയിൽ മേൽക്കൈനേടിയ പുരുഷൻ തന്റെ അധികാരം സ്ഥാപിച്ചെടുക്കുകയായിരുന്നു. കൃഷിയും പശുപരിപാലനവും അഭിവൃദ്ധിപ്പെട്ടപ്പോൾ പുതിയ ഒരു സാമ്പത്തികമേഖല സൃഷ്ടിക്കപ്പെട്ടു. അധികാരവും ഉടമസ്ഥതയും പുരുഷനിലേക്കെത്തിയപ്പോൾ ഒരു ഉടമവർഗ്ഗം രൂപപ്പെട്ടു. അതുകൊണ്ടുതന്നെ സമാന്തരമായി ഒരു അടിമവർഗ്ഗവും രൂപപ്പെട്ടുവന്നു.

1. അധികാരവും നവകുടുംബവും

പുരുഷൻ സാമ്പത്തികമേഖലയിൽ മേൽക്കൈ നേടിയപ്പോൾ അധികാരിയാകുകയും ആ അധികാരം സ്ത്രീകളെ ഭോഗിക്കാൻ അവസരമൊരുക്കിയിരുന്നതായും ഏംഗൽസ് പറയുന്നു. സമകാലികാവസ്ഥയിലും സാമ്പത്തികനിലയിൽ ഉയർന്ന വ്യക്തികൾ പുരുഷനാണെങ്കിൽ അവർ പരസ്ത്രീഗമനം നടത്തുന്നത് ചോദ്യം ചെയ്യപ്പെടാനുള്ള സാധ്യത കുറവാണ്. മാതൃപ്രാമാണ്യത്തിൽനിന്നും പിതൃപ്രാമാണ്യത്തിലേക്കുള്ള പരിവർത്തനത്തിൽ ഒരുവർഗ്ഗം മറ്റൊരുവർഗ്ഗത്തിനുമേൽ അധികാരം സ്ഥാപിക്കുകയായിരുന്നു. മാതൃപ്രാമാണ്യ വ്യവസ്ഥയിൽ ദായക്രമമനുസരിച്ച് അമ്മയുടെ സ്വത്തിനവകാശി മക്കളായിരുന്നു. അച്ഛന്റെ സ്വത്തിന് അവകാശമുണ്ടായിരുന്നുമില്ല. മാതൃദായക്രമത്തിൽ സ്ത്രീകൾക്ക് പ്രാമാണ്യമുണ്ടെന്നുപറയുമ്പോഴും സ്ത്രീകളുടെ അധീനതയിലായിരുന്നില്ല സ്വത്തുക്കളൊന്നും, അതുകൊണ്ടുതന്നെ ക്രയവിക്രയം നടന്നിരുന്നില്ല. കാരണവർ സ്ഥാനം വഹിക്കുന്ന കുടുംബത്തിലെ മൂത്തപുരുഷനിലായിരുന്നു അധികാരം നിലനിന്നിരുന്നത്. പിതൃദായക്രമത്തിലേക്കുള്ള മാറ്റത്തിലൂടെ സ്വത്തുടമസ്ഥാവകാശം പുരുഷനിലെത്തി. ഇതോടെ പുരുഷന് കുടുംബത്തിനകത്ത് സ്ത്രീയേക്കാൾ പ്രാധാന്യമേറി. അപ്പോഴും സ്വത്തിനവകാശികൾ മക്കളായിരുന്നില്ല. പിന്നീട് പിന്തുടർച്ചാവകാശം ഭേദപ്പെടുത്തിയെടുക്കാൻ ശ്രമിച്ചെങ്കിലും താവഴിഅവകാശം നിലനില്ക്കുന്നത് അത്തരമൊരു വ്യവസ്ഥയെ സാധൂകരിക്കുന്നതിന് പ്രതിബന്ധമായി. മാതൃപ്രാമാണ്യത്തെ മാറ്റി പിതൃപ്രാമാണ്യത്തെ കൊണ്ടുവരികയാണ് ഇതിനെ മറികടക്കാനുള്ള മാർഗ്ഗമായി കണ്ടത്. ഇത്തരത്തിൽ മാതൃപ്രാമാണ്യത്തിൽനിന്നും പിതൃപ്രാമാണ്യത്തിലേക്ക് പരിവർത്തനം സംഭവിച്ചപ്പോൾ അത് വർഗ്ഗപരമായി സ്ത്രീയുടെ പരാജയമായിരുന്നു. പിന്നീട് നിലവിൽവന്ന കുടുംബം ഏകദാമ്പത്യകുടുംബരൂപമായിരുന്നു.

ആധുനികകുടുംബം അതിന്റെ ഗർഭത്തിൽ അടിമത്തത്തെ മാത്രമല്ല അടിയാളത്തത്തെയും വഹിക്കുന്നു. കാരണം അത് ആദ്യം മുതല്ക്കുതന്നെ കാർഷികസേവനങ്ങളുമായി ബന്ധപ്പെട്ടതാണ്. പിന്നീട് സമുദായത്തിലും രാഷ്ട്രത്തിലും വികസിച്ചുവന്ന എല്ലാ വൈരുദ്ധ്യങ്ങളേയും കാണാം അതിൽ, അവയുടെ സൂക്ഷ്മരൂപത്തിൽ (ഫ്രെഡറിക് ഏംഗൽസ് :1980:94) എന്ന് മാർക്സ് പറയുന്നുണ്ട്. ഏകദാമ്പത്യവ്യവസ്ഥ നിലനില്ക്കുന്ന കുടുംബങ്ങളിൽ അധികാരം സ്ത്രീയിൽ നിന്നും പുരുഷനിലേക്കെത്തി. വർഗ്ഗപദവിയെ ആശ്രയിച്ച നിർമ്മിക്കപ്പെട്ട വൈവാഹികബന്ധങ്ങളായിരുന്നു നടന്നിരുന്നത്. ആധുനികതയുടെ വരവോടെ സ്ത്രീ വിദ്യാഭ്യാസം നേടുവാനും പുതിയ തൊഴിൽ മേഖലകളിലേക്കിറങ്ങിച്ചെല്ലാനും

തുടങ്ങി. സാമൂഹ്യപദവി, സ്വത്തവകാശം, കുടുംബഘടന, വിവാഹം, വിദ്യാഭ്യാസം എന്നീ മേഖലകളിലെല്ലാം സ്ത്രീ-പുരുഷസമത്വം നിർബന്ധമാക്കി (ഗോവിന്ദപിള്ള: 2013:21). തൊഴിശാലകളിൽ പണിയെടുക്കുന്ന സ്ത്രീകൾ സാമ്പത്തിക സ്വയംപര്യാപ്തത നേടാൻ തുടങ്ങി. സാമ്പത്തിക നിലയിലെ ഈ മാറ്റം കുടുംബബന്ധങ്ങളിൽ പ്രതിഫലിച്ചു. സ്ത്രീകൾ അടുക്കളയിൽനിന്നും അധ്വാനത്തിന്റെ കമ്പോളത്തിലേക്ക് കടന്നുവന്നപ്പോൾ കുടുംബം നയിക്കാൻ പ്രാപ്തയാക്കപ്പെടുകയായിരുന്നു. പൊതുസേവന മേഖലകളിലാണ് സ്ത്രീകൾക്കായി തൊഴിലുകൾ നീക്കിവെച്ചിരുന്നത്. ഗുമസ്തർ, അദ്ധ്യാപകർ, ആശുപത്രിജീവനക്കാർ, തപാൽ -ടെലികമ്മ്യൂണിക്കേഷൻ എന്നീ തൊഴിലുകളിലായിരുന്നു തുടക്കം. ആധുനികനഗരവല്ക്കരണത്തിന്റേയും സാമൂഹ്യ-സാമ്പത്തികഘടനയുടേയും ഭാഗമായി രൂപപ്പെട്ട മധ്യവർഗ്ഗത്തിന്റെ സാമ്പത്തികാവശ്യങ്ങൾ സ്ത്രീകളെ തൊഴിൽ രംഗത്തേക്കു നയിക്കുകയായിരുന്നു (ചന്ദ്രിക.എസ്: 2017:117). വർഗ്ഗഭേദങ്ങൾ പ്രതിബന്ധമാകാത്ത സാമൂഹ്യവ്യക്തിബന്ധങ്ങൾ നിലവിൽവന്നപ്പോൾ കുടുംബം ഒരു നിർണ്ണായകഘടകമായി മാറി. ഇത്തരം അവസ്ഥ രൂപപ്പെട്ടപ്പോൾ പുരുഷമേധാവിത്വത്തിന്റെ അടിത്തറയ്ക്ക് ഇളക്കം തട്ടി. നവകുടുംബസംവിധാനത്തിൽ സ്ത്രീ-പുരുഷഭേദമില്ലാതെ കുടുംബം എന്ന സ്ഥാപനത്തിന്റെ നിലനില്പിനായി വർത്തിക്കുന്നു.

ഇവിടെ വർഗ്ഗഭേദമോ സാമ്പത്തികവിവേചനമോ പ്രാധാന്യം അർഹിക്കുന്നില്ല. നിലനില്പിന്റെ അടിസ്ഥാനത്തിൽ പ്രാപ്തി നേടയിവൻ അല്ലെങ്കിൽ നേടിയവൾ കുടുംബത്തെ നിലനിർത്തികൊണ്ടുപോകുന്നു. പിതൃദായക്രമത്തിൽനിന്നും മാതൃദായക്രമത്തിൽനിന്നും മാറി വ്യക്തികളിലേക്ക് കേന്ദ്രീകരിക്കുന്ന അധികാരരൂപത്തെയാണ് ഇവിടെ കണ്ടെടുക്കാൻ കഴിയുന്നത്. വ്യക്തി സമൂഹത്തിലെ നിർണ്ണായകതലത്തിൽ നിലകൊള്ളുമ്പോൾ ആ ഒരു പദവി എപ്രകാരം വന്നു എന്നതും വിചിന്തനം ചെയ്യേണ്ടതുണ്ട്. വ്യക്തി അധികാര കേന്ദ്രീകൃതമാകുമ്പോൾ അതിന് നിദാനമായി സാമ്പത്തികനിലയും സന്തുലിതത്വവും നിർണ്ണായകഘടകങ്ങളായി നിലകൊള്ളുന്നു. ഇവിടെ സ്ത്രീയുടെ അധ്വാനത്തിന്റെ പങ്കിനെ പുരസ്കരിക്കുന്നു. സ്ത്രീയുടെ അധ്വാനം പുരുഷന്റെ അധ്വാനം എന്ന വിഭജനത്തിൽ നിന്ന് വ്യക്തിയുടെ അധ്വാനം എന്ന ഏകീകരണത്തിലേക്ക് സാമൂഹികസാമ്പത്തികനില കേന്ദ്രീകരിക്കപ്പെടുന്നു. അവിടെ തൊഴിലിടങ്ങൾ പുരുഷനും ഗൃഹഭരണം സ്ത്രീക്കും അനുവദിക്കുന്ന മുൻകാലഘട്ടത്തിലെ വ്യവസ്ഥിതിയെയാണ് അധികാരത്തെ മുൻനിർത്തി പുനർനിർമ്മിക്കുന്നത്. ഇപ്രകാരം വിലയിരുത്തുമ്പോൾ

അധികാരം സമ്പത്ത് എന്നീ നിർണ്ണായകഘടകങ്ങൾ നവസമൂഹത്തിൽ പുതിയ ഒരു കുടുംബസ്ഥാപനത്തെ നിർണ്ണയിക്കുന്ന അവിഭാജ്യഘടകമാകുന്നു. ഇത് ഏംഗൽസിയൻ കാഴ്ചപ്പാടിനുള്ളിൽ നിന്നുകൊണ്ട് വായിക്കുമ്പോൾ പിതൃകേന്ദ്രിതഅധികാരവ്യവസ്ഥയ്ക്കും അടിച്ചമർത്തപ്പെടുന്ന സ്ത്രൈണ പദവിയെയും നിലപാടുകളേയും കൃത്യമായി മറികടക്കുന്നു. ഒപ്പംതന്നെ നവകുടുംബത്തിൽ ആൺ-പെൺ അഭേദ്യതയെ, വ്യക്ത്യാധിഷ്ഠിത സാമ്പത്തിക അധികാരനിലപാടുകളെ ഉറപ്പിക്കുന്നു.

2. വ്യവസ്ഥയും നവകുടുംബവും

പിതൃകേന്ദ്രിത വ്യവസ്ഥയിൽ സ്ത്രീസ്വകാര്യവത്കരിക്കപ്പെട്ടു. അവളുടെ പാതിവ്രത്യം ഭദ്രമാക്കുന്നതിനുവേണ്ടിയും കുടുംബത്തിന്റെ അന്തസ്സിനും സ്ത്രീയെ പുരുഷന്റെ ചൊൽപ്പടിയിലാക്കി. സ്ത്രീയിലെ ജൈവികതയാണ് അവളെ പാർശ്വവത്കരിച്ച് സ്വകാര്യസ്വത്തായി സൂക്ഷിക്കാനുള്ള നിമിത്തമായി മാറിയത്. പ്രസവം കുട്ടികളെ വളർത്തൽ കുടുംബം എന്നിവ സ്ത്രീയുടെ കർത്തൃത്വം ആവശ്യപ്പെടുന്നു. ഇത്തരം അവസ്ഥയിൽ സ്ത്രീ കൂടുതൽ കുടുംബം എന്ന ഘടനയ്ക്കകത്ത് നിലനിൽക്കേണ്ട സാഹചര്യമുണ്ടായി. ആധുനികകുടുംബവ്യവസ്ഥ രൂപപ്പെട്ടതോടെ സ്ത്രീ കൂടുതൽ പാരതന്ത്ര്യയാക്കപ്പെട്ടു. വിവാഹം എന്ന ഉടമ്പടി സ്ത്രീയുടെ വസ്തുവത്കരണത്തിന് കാരണമായി. ഏകദാമ്പത്യം സ്ത്രീകൾക്കുമാത്രം ബാധകമായ ഒന്നാണെന്ന അവസ്ഥയ്ക്ക് നവസാമൂഹ്യവ്യവസ്ഥയിൽ മാറ്റമുണ്ടായികൊണ്ടിരിക്കുന്നു. അതുപോലെതന്നെ കുടുംബം എന്ന സ്ഥാപനത്തിനും വൈവാഹികകാഴ്ചപ്പാടുകൾക്കും സമകാലികസമൂഹത്തിൽ മാറ്റമുണ്ടായിട്ടുണ്ട്.

കൂട്ടുകുടുംബസംവിധാനത്തിൽനിന്നും മാറിയ ആധുനിക കുടുംബഘടനയായ അണുകുടുംബത്തിൽ പുരുഷനായിരുന്നു പ്രഥമസ്ഥാനീയൻ. സ്ത്രീകൾ വീട്ടിനുള്ളിൽ ഒതുക്കപ്പെട്ടു. ഇവിടെയും സാമ്പത്തികസംരഭകൻ പുരുഷനായിരുന്നു. അനേകം കർത്തൃസ്ഥാനങ്ങളുമായുള്ള താദാത്മ്യങ്ങളിലൂടെയാണ് ഓരോ വ്യക്തിയും ജീവിക്കുന്നത് (മധു.ടി.വി:1999:60). സ്ത്രീകർത്തൃത്വപദവിയിലേക്ക് എത്താൻ പിന്നെയും സമയം വേണ്ടിവന്നു. വിദ്യാഭ്യാസംനേടിയ സ്ത്രീകൾ പുതിയതൊഴിൽമേഖലകളിൽ പ്രവേശിച്ചതോടെ സാമ്പത്തികസ്വാശ്രയത്വം കൈവന്നു. ആൺ-പെൺ ഭേദമില്ലാതെ കുടുംബം എന്ന കേന്ദ്രസ്ഥാപനത്തിനുവേണ്ടി നിലകൊണ്ടു. മാറിവന്ന കാലഘട്ടത്തിൽ കുടുംബം എന്നഘടന പിന്നെയും പരിവർത്തിപ്പിക്കപ്പെട്ടു. കൂട്ടുകുടുംബത്തിൽനിന്നും അണുകുടുംബത്തിലേക്കും

അതിൽനിന്നും വ്യക്തികേന്ദ്രിതമായ കുടുംബരൂപങ്ങളിലേക്കും മാറിയിരിക്കുന്നു. മാറിവന്ന കുടുംബഘടനയിൽ ആൺ-പെൺ എന്ന തലത്തിൽ നിന്ന് മാറി വ്യക്തികളിലേക്ക് കുടുംബം കേന്ദ്രീകരിക്കുന്നു. ഇത്തരം വ്യക്തിനിർമ്മാണം കൃത്യമായ സമൂഹനിർമ്മിതിയാണ്. മാറിവന്ന സാഹചര്യത്തിൽ രൂപപ്പെട്ടുവന്ന മറ്റൊരു കുടുംബരൂപമാണ് 'കനവ്'. വ്യക്തികേന്ദ്രീകൃതകുടുംബസംവിധാനമായി നില്ക്കെതന്നെ കൂട്ടുകുടുംബത്തിന്റെ ഒരു പുനർനിർമ്മിതിയാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്. ഇവിടെ രക്തബന്ധമോ മറ്റുതരത്തിലുള്ള ബന്ധനങ്ങളോ ഇല്ലാതെ മാതൃ-പിതൃബന്ധവ്യവസ്ഥകളെ മറികടന്ന് രക്തബന്ധങ്ങളുടെ യാതൊരുവിധത്തിലുള്ള അടിത്തറകളുമില്ലാതെ ഈ കുടുംബം ഒരു നവസമൂഹനിർമ്മിതിയായി നില്ക്കുന്നു. ഒരേ സംസ്കാരശരീരത്തിന്റെ സമൂഹശരീരത്തിന്റെ ഭാഗമായി മാറുകയാണ് വ്യക്തികൾ ഈ കുടുംബസംവിധാനത്തിൽ വ്യക്തികളുടെ ഒരു സങ്കലനം എന്നതലത്തിലേക്ക് പുതിയ കുടുംബരൂപത്തെ സ്ഥാപിച്ച് പുനർനിർമ്മിച്ചിരിക്കുന്നു. ഈ വ്യക്തികേന്ദ്രിതകുടുംബസംവിധാനത്തിൽ പുതിയകാലത്തെ കുടുംബരൂപമായി 'കനവ്' പോലുള്ള കുടുംബനിർമ്മിതി മാറികൊണ്ടിരിക്കുന്നു. വ്യക്തമായ കൂട്ടുകുടുംബസംവിധാനമാണിത്. ഇത് ഒരു നവസമൂഹനിർമ്മിതിയാണ്. രക്തബന്ധത്തിലെ മാതൃ-പിതൃബന്ധ വ്യവസ്ഥകളെ മറികടന്ന് ഒരേ സംസ്കാര സമൂഹശരീരത്തിന്റെ ഭാഗമായി മാറുന്നു. വ്യക്തികളുടെ ഒരു സങ്കലനം എന്ന തലത്തിലേക്ക് നവകുടുംബത്തിനകത്തെ സ്ഥാപിച്ച് പുനർനിർമ്മിച്ചിരിക്കുന്നു.

കൂട്ടുകുടുംബവ്യവസ്ഥിതിയുടെ ആധുനികകാലത്തെ പുനർനിർമ്മിതിയാണ് അണുകുടുംബം. ഈ കുടുംബസംവിധാനത്തിൽ പിതൃകേന്ദ്രിതവും പിതൃപ്രാമാണ്യവും ആണ് അടിസ്ഥാനം. അച്ഛന്റെ സ്വത്ത് മക്കളിലേക്ക് കൈമാറ്റപ്പെടുന്നു. കൃത്യമായ ആണധികാരത്തിന്റെ കാഴ്ചപ്പാടിൽ രൂപപ്പെട്ടുവന്ന ഈ ഘടനയിൽ സ്ത്രീ പാർശ്വവത്കൃതയാണ്. പിന്നീടുവന്ന സാമൂഹിക-സാംസ്കാരിക പരിവർത്തനങ്ങളുടെ ഫലമായി ഈ അണുകുടുംബവ്യവസ്ഥയ്ക്കും മാറ്റങ്ങൾ സംഭവിച്ചു. ആധുനികതയിലെ അണുകുടുംബവ്യവസ്ഥയിൽനിന്നും മാറിവന്ന ആൺ/പെൺ എന്നതലത്തിലുള്ള കുടുംബസംവിധാനത്തെ ഉത്തരാധുനികതയിലെ കുടുംബരൂപമായി കാണാം. പിന്നീട് ഉണ്ടായ ഒരുമിച്ചുള്ള ജീവിതം എന്നഅർത്ഥം വരുന്ന 'ലിവിങ് ടുഗെതർ' പഴയയുഗ്മകുടുംബത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഇതിൽ വ്യക്തികൾക്കാണ് പ്രാധാന്യം നല്കുന്നത്. ആധുനികതയിൽ രൂപപ്പെട്ടുവന്ന വ്യക്തി ഉത്തരാധുനികതയിൽ എല്ലാ കെട്ടുപാടുകളെയും തകർത്ത് പുതിയ കുടുംബരൂപത്തെ നിർമ്മിച്ചെടുത്തു.

വ്യക്ത്യാധിഷ്ഠിതമായ കുടുംബത്തിൽ ആൺ/പെൺ ഭേദമില്ലാതെ പരിഗണിക്കപ്പെട്ടു. ഇതിൽനിന്നും മാറി 'ലിവിങ് ടുഗെതർ' പോലുള്ള സംവിധാനങ്ങളിലേക്ക് പുതിയതലമുറ മാറികൊണ്ടിരിക്കുന്നു. ഇതിൽ രണ്ടുവ്യക്തികൾ തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിലാണ് കുടുംബം എന്ന സംവിധാനം നിലനില്ക്കുന്നത്. വൈവാഹിക ഉടമ്പടി കളുടേയോ ധാരണകളുടേയോ കെട്ടുപാടുകളില്ലാതെ രണ്ടുവ്യക്തിയിൽ അവർക്ക് ആശാസ്യജനകമായഘട്ടത്തിൽ ഒരുമിച്ച് ജീവിക്കുകയും അനു കൂലമല്ലാത്ത സാഹചര്യത്തിൽ വേർപിരിയുകയുംചെയ്യാം. വിവാഹം എന്ന ഉടമ്പടി ആദ്യം വരന്റെ കുടുംബവും വധുവിന്റെ കുടുംബവും ചേർന്ന് നിർമ്മിച്ചിരുന്ന ഒരു ബന്ധമായിരുന്നു. പുതിയകാലത്ത് ഇത് രണ്ട് വ്യ ക്തികളിലേക്ക് മാറ്റപ്പെട്ടു. ഇനിയും മാറിവന്ന മറ്റൊരു കുടുംബമാണ് ട്രാൻസ് ജെൻഡർ കുടുംബം. സമകാലിക സമൂഹത്തിൽ ഏറെ ചർച്ച യ്ക്ക് വിധേയപ്പെട്ടിരിക്കുന്ന ഒരു പുതിയ കുടുംബരൂപമാണ് ട്രാൻസ് ജെൻഡർ കുടുംബം. ഇതിനെയും ഒരു കുടുംബമായി അംഗീകരിക്കാൻ സമൂഹം തയ്യാറാകുന്നുണ്ട്. കാലഘട്ടങ്ങളുടെ മാറ്റത്തിനനുസരിച്ച് കുടും ബഘടനയ്ക്കും മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. മാറ്റം പൂർണ്ണമായി എന്ന അർത്ഥത്തില്ല. കുടുബം എന്ന ഘടനയുടെ കാലങ്ങളായി ഉണ്ടായ പരിവർത്തനങ്ങളെ ആധുനികത, ഉത്തരാധുനികത എന്നിങ്ങനെ നിർ വ്വചിക്കുമ്പോൾ പുതിയകാലത്തെ ഉത്തരാധുനികോത്തരത എന്നു വിശേ ഷിപ്പിക്കാം. കീഴ്‌വഴക്കങ്ങളിൽനിന്നും മാറി സഞ്ചരിക്കുമ്പോഴും പുറകി ലേക്കുതള്ളുന്ന ചിലഘടകങ്ങളായി യൂഥവിവാഹം, ലിവിങ് ടുഗെതർ എന്നിവ നിലനില്ക്കുന്നു. നിയമങ്ങളും മതങ്ങളും സമൂഹത്തേയുംവ്യക്തി കളേയും സ്വാധീനിക്കാൻ തുടങ്ങിയതുമുതൽ കുടുംബത്തിൽ പരിവർ ത്തനങ്ങൾ ഉണ്ടായി. എങ്കിലും നിലനിന്നിരുന്നതും പ്രതിനിധാനം ചെയ്തിരുന്നതുമായ ധാർമ്മികമൂല്യങ്ങൾക്ക് പരിവർത്തനം സംഭവിച്ചു കൊണ്ടേയിരിക്കുന്നു. കുടുംബം എന്നഘടനയുമായി ബന്ധപ്പെട്ട് പ്രവർ ത്തിച്ചിരുന്ന പല ഉത്തരവാദിത്തങ്ങളും ഏറ്റെടുത്ത് നടത്തുന്നതിനുള്ള പുതിയസംരഭകരും സ്ഥാപനങ്ങളും ഇന്നത്തെ സാഹചര്യത്തിൽ നില നില്ക്കുന്നുണ്ട്. ആദ്യകാലത്ത് കൂട്ടുകുടുംബസംവിധാനത്തിൽ കുട്ടികളുടെ പരിപാലനവും വളർച്ചയും സ്ത്രീയിൽ മാത്രമല്ല നിക്ഷിപ്തമായിരുന്നത് (ദേവിക:2015:114). എന്നാൽ അണുകുടുംബ സംവിധാനത്തിൽ ഇത് അമ്മയുടെ/സ്ത്രീയുടെ മാത്രം ഉത്തരവാദിത്തമായി മാറി. ഇന്ന് പല വിദ്യാ ഭ്യാസസ്ഥാപനങ്ങളും മതസമുദായസംഘടനകളും അത്തരം കർത്തവ്യ ങ്ങളെ ഏറ്റെടുത്തിരിക്കുന്നു. കുട്ടികളെ ഒരു സമൂഹജീവിയായി പാകപ്പെ ടുത്തിയെടുക്കുന്ന പ്രക്രിയയിൽ ഇത്തരം സ്ഥാപനങ്ങളും സംഘടനകളും അനിഷേധ്യമായ പങ്കാളിത്തം വഹിക്കുന്നുണ്ട്. ബേബി കെയറുകൾ ഇത്തരത്തിൽ കുട്ടികളെ പരുവപ്പെടുത്തിയെടുക്കുന്ന കുടുംബരൂപമായി

വർത്തിക്കുന്ന ഒന്നാണ്. കുട്ടികൾക്ക് കുടുംബത്തിനകത്ത് ലഭിക്കുന്ന പരിചരണവും പരിഗണനയും ഇത്തരം സ്ഥാപനങ്ങൾ ഉറപ്പുനല്കുന്നു. പകൽവീടുകൾ ഇത്തരത്തിൽ വൃദ്ധജനങ്ങളെ പരിരക്ഷിക്കുന്നതിനായി രൂപപ്പെടുത്തിയെടുത്ത നവകുടുംബരൂപമാണ്. ഒറ്റപ്പെടലിനേയും ഏകാന്തതയേയും മറികടക്കാൻ വൃദ്ധജനങ്ങൾക്ക് ഇത് അവസരമൊരുക്കുന്നു. ഒരു പ്രത്യേകസമയത്ത് ഒരു നിശ്ചിതസ്ഥലത്ത് ഒത്തുചേരാനും വൈകുന്നേരം മടങ്ങിപ്പോകാനും ഇതുവഴി സാധ്യമാകുന്നു. ഭക്ഷണം, വ്യായാമം, മരുന്ന്, വിനോദം, ചർച്ചകൾ എന്നിവയെല്ലാം ഇത്തരം സ്ഥാപനങ്ങളിൽ നടക്കുന്നുണ്ട്. അതുകൊണ്ടുതന്നെ കുടുംബം എന്ന ഘടനയിൽനിന്നും ലഭിക്കുന്ന മാനസികവും ശാരീരികവുമായ ഉന്മേഷം പകർന്നുനല്കാൻ പകൽവീടുകൾക്ക് സാധ്യമാകുന്നു.

ഉപസംഹാരം

കുടുംബം ഒരു പൂർവ്വമാനസ്ഥാപനമാണ് (ബർട്രാൻറസ്സൽ:2005:116) ഏംഗൽസ് സാമാന്യമായ യൂറോപ്യൻ സങ്കല്പത്തിലുള്ള പൊതു കുടുംബവ്യവസ്ഥയെകുറിച്ചാണ് പറഞ്ഞുവച്ചത്. ഇത് ഇന്ത്യൻ സങ്കല്പത്തിലേക്കു മാറിയപ്പോൾ സാമുദായിക സാഹചര്യങ്ങൾ മാറുകയും യൂറോപ്പിൽനിന്നും വ്യത്യസ്തമായ ഒരു പുതിയ സങ്കല്പം രൂപപ്പെട്ടുവരുകയും ചെയ്തു. സാമുദായിക ചുറ്റുപാടുകളിലൂന്നിയ കുടുംബവ്യവസ്ഥകളിൽ പാളിച്ചകൾ സംഭവിച്ചു. ജൈവികതയുടെ പേരിൽ സ്ത്രീയെ തളച്ചിടുകയും അധികാരത്തെ കൈവശപ്പെടുത്തുകയും ചെയ്ത പുരുഷാധിപത്യവ്യവസ്ഥയിൽ സ്ത്രീ കുടുംബത്തിനകത്ത് ഒതുക്കപ്പെട്ടു. സാമ്പത്തികവും അധികാരപരവുമായ ഈ വ്യവസ്ഥിതി കുടുംബം എന്ന ഘടനയെ നിർമ്മിച്ചു. ഇന്ന്, അധികാരവും ധനവുമാണ് രൂപപ്പെട്ടുവന്ന കുടുംബഘടനയെ ഭിന്നിപ്പിക്കുന്നതിന് അടിസ്ഥാനം. കൂട്ടുകുടുംബത്തിൽനിന്നും അണുകുടുംബത്തിലേക്കും വ്യക്തിഗതകുടുംബങ്ങളിലേക്കും മാറിയ പുതിയകാലത്തിൽ വ്യവസ്ഥിതികൾക്ക് മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നതിന്റെ ഫലമായി പുതിയ കുടുംബരൂപങ്ങളായ ബേബികെയറുകൾ, പകൽവീട്, വൃദ്ധസദനം എന്നിവ രൂപപ്പെട്ടുവന്നു. ഏംഗൽസിന്റെ ജൈവികപരിണാമത്തിൽ നിന്നുംമാറി ഇപ്പോൾ സംഭവിക്കുന്നത് സാമുദായിക/ സാമൂഹിക/സാംസ്കാരിക പരിണാമമാണ്. ആദ്യകാലത്തെ പുരുഷകേന്ദ്രിതവ്യവസ്ഥയിൽനിന്നും ഇന്ന് വ്യക്ത്യാധിഷ്ഠിതത്തിലേക്കുമാറി. രണ്ടുവ്യക്തികൾ/വർഗ്ഗങ്ങൾ ഒരേതലത്തിൽ വരുമ്പോൾ അധികാരം സമ്പത്ത് എന്നിവ അപ്രസക്തമാകുന്നു. കുടുംബം ഒരു സാംസ്കാരിക നിർമ്മിതിയായി മാറ്റപ്പെടുന്നു. കുടുംബഘടനയുടെ അടിസ്ഥാനം സ്വകാര്യസ്വത്തിന്റെ ആവിർഭാവവും ഈ ഘടനയുടെ പരിവർത്തനം എന്നത് ദായക്രമങ്ങളുടെ മാറ്റവുമാണ്. സാമുദായിക സാഹചര്യങ്ങൾക്കനുസരിച്ച്

കുടുംബഘടനയിൽ ഉണ്ടാകുന്ന വ്യത്യാസങ്ങളും അവ നിർമ്മിക്കുന്ന അധികാരരൂപങ്ങളും ഏംഗൽസിയൻ ചിന്തകൾ അടിസ്ഥാനമാക്കി വിശകലനം ചെയ്യുവാനാണ് ഈ പ്രബന്ധം ശ്രമിച്ചത്.

സഹായകഗ്രന്ഥങ്ങൾ


1. അന്ദ്രേയെവ് ഐ., 1986, 'കുടുംബം സ്വകാര്യസ്വത്ത് ഭരണകൂടം എന്നിവയുടെ ഉത്ഭവം' എന്ന ഏംഗൽസിന്റെ കൃതി, പ്രോഗ്രസ് പബ്ലിക്കേഷൻസ്, മോസ്കോ. വി.വ. എ. പാറക്കുന്നേൽ പ്രഭാത് ബുക്ഹൗസ് തിരുവനന്തപുരം.
2. കാറൽ മാർക്സ് & ഏംഗൽസ്, 1988, മാർക്സ് ഏംഗൽസ് തെരഞ്ഞെടുത്ത കൃതികൾ വാല്യം-3. പ്രോഗ്രസ് പബ്ലിക്കേഷൻ (വിവ.) പ്രഭാത് ബുക്സ്, തിരുവനന്തപുരം.
3. കോസാംബി ഡി.ഡി., 2006, ഇന്ത്യാചരിത്രത്തിനൊരുമുഖവുര. വിവ. വി. കാർത്തികേയൻ നായർ, മൈത്രി ബുക്സ്, തിരുവനന്തപുരം.
4. ഗോവിന്ദപിള്ള പി., 2013, കേരളനവോത്ഥാനം ഒരു മാർക്സിസ്റ്റ് വീക്ഷണം (ഒന്നാം സഞ്ചിക), ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
5. ചന്ദ്രിക സി.എസ്., 2017, കേരളത്തിന്റെ സ്ത്രീചരിത്രമുന്നേറ്റങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം.
6. ദേവിക ജെ., 2015, കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങിനെ, കേരളശാസ്ത്ര സാഹിത്യപരിഷത്ത്, തൃശ്ശൂർ.
7. ദേവദാസ് എം.എസ്., 1977, മാർക്സിസ്റ്റ് ദർശനം, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
8. ഫിലിപ്പസ് ജി., 1974, സ്ത്രീപുരുഷബന്ധം നൂറ്റാണ്ടുകളിലൂടെ, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.
9. ഫ്രെഡറിക് ഏംഗൽസ്, 1980, കുടുംബം സ്വകാര്യസ്വത്ത് ഭരണകൂടം എന്നിവയുടെ ഉത്ഭവം, പ്രോഗ്രസ് പബ്ലിക്കേഷൻസ് (വിവ.)
10. മധു ടി.വി. (എഡി.), 1999, നവമാർക്സിസ്റ്റ് സാമൂഹ്യവിമർശനം, ഡി.സി. ബുക്സ്, കോട്ടയം
11. മധു ടി.വി. (എഡി.), 2015, മാർക്സ് വായനകൾ, ബെറിബുക്സ്
12. രാഹുൽ സാംകൃത്യായൻ, 2008, സാമൂഹ്യരേഖ, (വിവ. കെ.വി. മണലിക്കര) ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
13. രാഹുൽ സാംകൃത്യായൻ, 2016, വോൾഗ മുതൽ ഗംഗവരെ, വിവ. ഇ.കെ. ദിവാകരൻ പോറ്റി, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
14. ശ്രീധരൻ കോട്ടുക്കൽ, 1999, ഇന്ത്യൻ കുടുംബം ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ, കറന്റ് ബുക്സ്, കോട്ടയം.